കൊച്ചിയിൽ വർദ്ധിച്ചുവരുന്ന ട്രാഫിക് നിയന്ത്രിക്കുവാൻ സംവിധാനം

44 (1512) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ വർദ്ധിച്ചുവരുന്ന വാഹനട്രാഫിക് നിയന്ത്രിക്കുവാൻ ഇന്നുള്ള സംവിധാനത്തിന് കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രാഫിക് നിയന്ത്രിക്കുവാൻ ഇന്നുള്ള പോലീസ് സേന തീരെ അപര്യാപ്തമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വാഹന ട്രാഫിക് നിയന്ത്രിക്കുവാനും ഇതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പോലീസ് സേനയ്ക്ക് ആവശ്യമായ ആധുനിക പരിശീലനം നല്കുന്നതിനും അംഗബലം വർദ്ധിപ്പിക്കുന്നതിനും വേണ്ട എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഉണ്ട്. കൊച്ചി സിറ്റി ട്രാഫിക് പരിധിയിൽ ഡ്രൈവർമാരെ ബോധവൽകരിച്ചും ഇലക്ട്രോണിക് ട്രാഫിക് സിഗ്നൽ സിസ്റ്റം ആവിഷ്ക്കരിച്ചും കൂടുതൽ ബോർഡുകൾ സ്ഥാപിച്ചും റോഡ് മാർക്ക് ചെയ്തും നിരന്തരമായ ട്രാഫിക് മൊബൈലുകളുടെ സേവനം ഉപയോഗപ്പെടുത്തിയും നിയമങ്ങൾ ലംഘിക്കുന്നവർക്ക് കൂടുതൽ കർശനമായ ശിക്ഷകൾ നല്കിയും പാരലൽ പാർക്കിംഗ് സിസ്റ്റം ഏർപ്പെടുത്തിയതിനോടനുബന്ധിച്ച് പാരലൽ പാർക്ക് ലൈൻ വരയ്ക്കുകയും പാരലൽ ആയി മാത്രമേ വാഹനങ്ങൾ പാർക്ക് ചെയ്യാവൂ എന്ന ബോർഡുകളും മറ്റും സ്ഥാപിച്ച് ട്രാഫിക് സംവിധാനം പരിഷ്ക്കരിച്ചിട്ടുണ്ട്. അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

പോലീസ് വകുപ്പിൽ വാങ്ങിയിട്ടുള്ള പുതിയ വാഹനങ്ങൾ

45 (1513) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഈ വർഷം എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട് ;

(ബി) ഇതിൽ ജീപ്പ്, ബസ്സ് തുടങ്ങിയ ഓരോ ഇനത്തിലും എത്രവീതം വാങ്ങിയെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly